**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3422** **11-03-2025 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ ഡിജിറ്റൽ സർവ്വേ ഏതൊക്കെ വില്ലേജുകളിലാണ് നടപ്പിലാക്കുന്നതെന്നും ഈ പദ്ധതി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ; മണ്ഡലത്തിലെ എല്ലാ വില്ലേജുകളിലും ഈ പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയുമായി ബന്ധപ്പെട്ട് കുറ്റ്യാടി മണ്ഡലത്തിലെ പാലയാട് വില്ലേജിനെ രണ്ടാം ഘട്ടത്തിലും തിരുവള്ളൂർ, കുന്നുമ്മൽ എന്നീ വില്ലേജുകളെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പാലയാട് വില്ലേജിന്റെ 37.08% ഫീൽഡ് ജോലികൾ പൂർത്തിയായിട്ടുണ്ട്. തിരുവള്ളൂർ, കുന്നുമ്മൽ വില്ലേജുകളുടെ പ്രാരംഭ ജോലികൾ നടന്നു വരുന്നു. മണ്ഡലത്തിൽ ഉൾപ്പെട്ട മറ്റ് വില്ലേജുകൾ തുടർ ഘട്ടങ്ങളിൽ ഉൾപ്പെടുത്തി സർവെ നടപടികൾ പൂർത്തിയാക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് വഴി എന്തൊക്കെ പ്രയോജനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാവുകയെന്ന് അറിയിക്കാമോ? | (ബി) | ഡിജിറ്റൽ സർവെ പൂർത്തിയായി സർവെ ബൗണ്ടറീസ് ആക്ട് സെക്ഷൻ 13 വിജ്ഞാപനം പുറപ്പെടുവിച്ച വില്ലേജുകളിലാണ് രജിസ്ട്രേഷൻ, റവന്യൂ , സർവെ വകുപ്പുകളുടെ പോർട്ടലിനെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ഇന്റഗ്രേറ്റഡ് പോർട്ടൽ (ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS))നടപ്പിലാക്കുന്നത്. റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകളിൽ ഉപയോഗിക്കുന്ന വ്യത്യസ്ത പോർട്ടലുകൾ സംയോജിപ്പിച്ച് ഒരു സംയോജിത പോർട്ടലായ ILIMS ലൂടെ താഴെപ്പറയുന്ന സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നതാണ്. ഭൂമിയുടെ കൈമാറ്റത്തിനായി, ഭൂമി രജിസ്റ്റർ ചെയ്യുന്നതിനുള്ള ടെംപ്ലേറ്റ് സംവിധാനം, പ്രീ മ്യൂട്ടേഷൻ സ്കെച്ച്, ബാധ്യതാ സർട്ടിഫിക്കറ്റ്, ഭൂമി നികുതി അടവ്, ന്യായവില നിർണ്ണയം, ഓട്ടോ മ്യൂട്ടേഷൻ, ലൊക്കേഷൻ സ്കെച്ച്, ഭൂമിയുടെ തരംമാറ്റൽ തുടങ്ങി നിരവധി സേവനങ്ങൾ ഇനി ഒറ്റ പോർട്ടൽ വഴി ലഭിക്കും. വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഭൂമി സംബന്ധിച്ച ഇടപാടുകളിൽ കാര്യക്ഷമതയും വേഗതയും ഇതു വഴി വർദ്ധിക്കും. സേവന ലഭ്യതയ്ക്ക് സുതാര്യതയും സുരക്ഷയും |

| | | | |
|---|---|---|---|
| | | | ഉറപ്പാകുന്നതോടെ ഭൂരേഖകൾക്ക് ആധുനിക സാങ്കേതിക വിദ്യകളുടെ പൂർണ്ണ സംരക്ഷണം ലഭിക്കും. ഭൂരേഖാ വിവരങ്ങൾ കൃത്യവും ഡിജിറ്റലുമായി നാളതീകരിച്ച സ്കെച്ചോടുകൂടി എല്ലാ ഭൂമി ഇടപാടുകളും സുതാര്യമായി ലഭ്യമാകുന്നതാണ്. ഡിജിറ്റൽ റീസർവെ കഴിയുന്നതോടെ ഓരോ ലാൻഡ് പാർസലിന്റെയും എല്ലാ ബെൻ്റുകളേയും കോർഡിനേറ്റ് ചെയ്ത് റവന്യൂ രേഖകളിൽ ഒരു ഡിജിറ്റൽ വേലി നിലവിൽ വരും. |

സെക്ഷൻ ഓഫീസർ